## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2715** — **19.07.2011-ൽ മറുപടിക്ക്.**

## ചെറുകിട വിമാനത്താവളങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ശിവദാസൻ നായർ :<br>ശ്രീ. കെ. അച്ചുതൻ :<br>ശ്രീ. റ്റി. എൻ. പ്രതാപൻ :<br>ശ്രീ. ഷാഫി പറമ്പിൽ : | | ശ്രീ. കെ. ബാബു.<br>(എക്സൈസും തുറമുഖവും വകുപ്പുമന്ത്രി) | |
| (എ) | കേരളത്തിൽ ചെറുകിട വിമാനത്താവളങ്ങൾ സ്ഥാപിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിനും ടൂറിസം സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുമായി കേരളത്തിൽ ചെറുകിട വിമാനത്താവളങ്ങൾ ഏറെ പ്രയോജനകരമാണെന്ന വസ്തുത വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | | **(ബി) & (സി)**<br>സംസ്ഥാനത്തിനകത്ത് ആകാശമാർഗ്ഗേയുള്ള ഗതാഗത സൗകര്യം വികസിപ്പിക്കുന്നതിന് ഒരു സംസ്ഥാന വ്യോമയാന പദ്ധതി രൂപപ്പെടുത്തണമെന്ന് കേന്ദ്ര വ്യോമയാന മന്ത്രാലയം സംസ്ഥാന സർക്കാരിനോടാവശ്യപ്പെട്ടതിനെ ത്തുടർന്ന് സംസ്ഥാന വ്യോമയാന പദ്ധതിയുടെ മുഖ്യ സവിശേഷതകളെക്കുറിച്ച് വ്യക്തമായ ഒരു കാഴ്ചപ്പാട് സൃഷ്ടിക്കുവാൻ നിലവിലുള്ള എയർപോർട്ടുകളുമായും ജില്ലാ ഭരണകൂടങ്ങളുമായും മറ്റ് ബന്ധപ്പെട്ടവരുമായും ഗതാഗത വകുപ്പു പ്രിൻസിപ്പൽ സെക്രട്ടറി 16.5.2011 ന് യോഗം ചേരുകയും പദ്ധതി നടത്തിപ്പിന്റെ വിവിധ വശങ്ങൾ ചർച്ച നടത്തുകയും നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ജില്ലാ കളക്ടർമാരോടും എയർപോർട്ട് ഡയറക്ടർമാരോടും നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി രൂപപ്പെടുത്തി കേന്ദ്ര സർക്കാരിനു സമർപ്പിക്കേണ്ടതുണ്ട്. |
| (സി) | ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ സഹായം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ.